## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5535 04.07.2013-ൽ മറുപടിക്ക്**

**എഴുമറ്റൂർ പദ്ധതിയുടെ ഒന്നാം ഘട്ടം**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.രാജു എബ്രഹാം | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| റാന്നി നിയോജക മണ്ഡലത്തിലെ എഴുമറ്റൂർ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ എന്തു തുകയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്; ആദ്യ ഘട്ടത്തിൽ എന്തൊക്കെ പ്രവൃത്തികളാണ് ഉൾ പ്പെടുത്തിയിട്ടുള്ളത്; ഈ പ്രവൃത്തി ടെണ്ടർ ചെയ്യാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കുമോ; സ്ഥലം ലഭ്യമാക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട പഞ്ചായത്ത് എടുത്ത നടപടികൾ എന്തൊക്കെയാണ്; പ്രസ്തുത പദ്ധതിയുടെ നിർമ്മാണം ആരംഭിക്കുന്നതിന് ഇനിയും എന്തൊക്കെ നടപടികളാണ് പൂർത്തിയാക്കാനുള്ളത്; വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ? | റാന്നി നിയോജക മണ്ഡലത്തിലെ എഴുമറ്റൂർ പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് 591 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്.ആദ്യഘട്ടത്തിൽ ശുദ്ധീകരണ ശാല, പമ്പിംഗ് മെയിൻ ഗ്രാവിറ്റി ലൈനുകൾ, കാരാമലയിലെ ജലസംഭരണി, പമ്പ് സെറ്റുകൾ എന്നിവയാണ് ഉൾ പ്പെടുത്തിയിട്ടുള്ളത്. ഇവയിൽ പമ്പ് സെറ്റുകൾ ഒഴികെ, ബാക്കിയുള്ള എല്ലാ ഘടകങ്ങളുടേയും നിർമ്മാണ പ്രവൃത്തികൾ മൂന്ന് ടെണ്ടറുകളായി അറേഞ്ച് ചെയ്തിട്ടുണ്ട്.<br>പമ്പിംഗ് മെയിൻ സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികൾ പൂർത്തിയാക്കി വരുന്നു.<br>ശുദ്ധീകരണശാലയുടെയും ഗ്രാവിറ്റി ലൈനുകളുടേയും ശുദ്ധജല സംഭരണിയുടേയും ടെണ്ടറുകൾ പരിശോധിച്ചു വരുന്നു. |

ശുദ്ധീകരണശാല നിർമ്മിക്കുന്നതിനുള്ള സ്ഥലം പഞ്ചായത്ത്, വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. കരാർ നൽകിയ പമ്പിംഗ് മെയിനിനുള്ള പൈപ്പുകൾ കമ്പനിയിൽ നിന്നും സ്ഥലത്ത് എത്തിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ